**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3384 — 19.10.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ വ്യാപകമായി കൃഷിനാശം വരുത്തുന്നതും മനുഷ്യജീവന് ഹാനി വരുത്തുന്നത് തടയുവാൻ ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ വ്യാപകമായി കൃഷിനാശം വരുത്തുന്നതും മനുഷ്യജീവന് ഹാനി വരുത്തുന്നതും തടയുവാൻ താഴെ പറയുന്ന പ്രവർത്തികളാണ് വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. |

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ് മുഖാന്തിരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
7. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
8. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം

അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

12. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

Lalalas [signature]

സെക്ഷൻ ഓഫീസർ